കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*പ്രസിദ്ധീകരണത്തിന്*

തീയതി 04.11.2020

# പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളുടെ ബുക്കിംഗിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി - മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്തെ 154 പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ മുറികൾ ലഭ്യമാകുന്നതിന് സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഓൺലൈൻ ബുക്കിംഗ് സംവിധാനം ഉപയോഗപ്പെടുത്താമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളുടെ ബുക്കിംഗ് ഫോൺ മുഖാന്തിരവും ഇ-മെയിൽ മുഖാന്തിരവും ബുക്ക് ചെയ്യുന്ന രീതിയാണ് കാലങ്ങളായി അവലംബിച്ച് പോരുന്നത്. ഇത്മൂലം പലമുറികളും ഒഴിഞ്ഞുകിടക്കുന്ന സാഹചര്യവും ക്യാൻസലേഷൻ മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പോലും റൂമുകൾ ലഭിക്കാതിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം ശാശത പരിഹാരമെന്ന നിലയിലാണ് സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഓൺലൈനായി പണമടച്ച് റൂമുകൾ ബുക്ക് ചെയ്യാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നതെന്ന് മന്ത്രി ജി.സുധാകരൻ പറഞ്ഞു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സി-ഡിറ്റ് മുഖാന്തിരം തയ്യാറാക്കിയ വെബ്സൈറ്റിൽ റസ്റ്റ് ഹൗസുകൾ ജില്ലതിരിച്ച് ബുക്ക് ചെയ്യുന്നതിനും റൂമുകളുടെ സ്ഥിതി സംബന്ധിച്ച് മനസ്സിലാക്കുന്നതിനും ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബുക്കിംഗ് സംവിധാനം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി 154 റസ്റ്റ് ഹൗസുകളിലും കംപ്യൂട്ടർ ടാബ്ലറ്റുകൾ നൽകുന്നതിന്റെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഹൈജീൻ ആൽബർട്ടിന് ടാബ്ലറ്റ് കൈമാറി കൊണ്ട് നിർവ്വഹിച്ചു. കൊറോണയുടെ പശ്ചാത്തലത്തിൽ ആദ്യഘട്ടമായി 15 റസ്റ്റ് ഹൗസുകളിലാണ് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. തുടർന്ന് എല്ലാ റസ്റ്റ് ഹൗസുകളും ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലാകുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു. കേന്ദ്രീകൃത ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ എം. അശോക്കുമാർ, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഹൈജീൻ ആൽബർട്ട് എന്നിവർ പങ്കെടുത്തു.

റസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗ് വെബ്സൈറ്റ് :

www.resthouse.pwd.kerala.gov.in


കേരള സർക്കാർ
പൊതുമരാമത്ത് വകുപ്പ്
ഉദ്ഘാടനം
ശ്രീ. ജി സുധാകരൻ